No.KDFWF/H/431/17

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
തിരുവനന്തപുരം, തീയതി. 08.02.2017

# സർക്കുലർ 02/2017

**വിഷയം:-** കേരള ക്ഷീരകർഷക ക്ഷേമനിധി – ക്ഷീരജാലകം സോഫ്റ്റ്‌വെയർ – ക്ഷീരനിധി – സംബന്ധിച്ച്.

ക്ഷീരകർഷക ക്ഷേമനിധിയുടെ സമ്പൂർണ്ണ ഓഫീസ് ആട്ടോമേഷൻ സോഫ്റ്റ്‌വെയറായ ക്ഷീരജാലകത്തിലെ അംശദായ മൊഡ്യൂളാണ് **'ക്ഷീരനിധി'.** 30.01.2017 തീയതിയിൽ ബഹു.ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. ശ്രീ.കെ.രാജു അവർകൾ സംസ്ഥാന ക്ഷീരസംഗമത്തോടനുബന്ധിച്ച് പട്ടാമ്പിയിൽവെച്ച് ക്ഷീരനിധി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ക്ഷീരനിധിക്ക് രണ്ട് ഭാഗങ്ങളാണ് ഉള്ളത്. ഓൺലൈനായി അംശദായ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സംവിധാനവും, ഓൺലൈൻ പേയ്മെന്റ് നടത്തുന്നതിനുള്ള സംവിധാനവും. ഇതിൽ പേയ്മെന്റ് നടത്തുന്നതിനുള്ള സംവിധാനം നിലവിൽ പ്രവർത്തന സജ്ജമാണ്. ക്ഷീരസംഘങ്ങൾക്ക് ക്ഷീരജാലകം വെബ്സൈറ്റിലുള്ള അവരുടെ ലോഗിൻപേജിലൂടെ അംശദായ ചെലാൻ ജനറേറ്റ് ചെയ്ത് എസ്.ബി.റ്റിയുടെ ഏതെങ്കിലും ശാഖയിലോ, എസ്.ബി.റ്റി. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനത്തിലൂടെയോ, അക്ഷയ മുഖാന്തിരമോ തുക അടയ്ക്കാവുന്നതാണ്. തുക അടച്ചുകഴിഞ്ഞാൽ ഉടൻ തന്നെ ക്ഷീരസംഘത്തിന്റെ അംശദായ അക്കൗണ്ടിലേയ്ക്ക് തുക വരവ് വരും എന്ന മെച്ചവും ഈ സംവിധാനത്തിനുണ്ട്.

അംശദായം സംബന്ധിച്ച് നിലവിൽ നില നിൽക്കുന്ന പൊരുത്തക്കേടുകൾ പൂർണ്ണമായും ഇതിലൂടെ ഒഴിവാക്കാൻ സാധിക്കുന്നു.

2017 ഏപ്രിൽ മാസം മുതൽ ക്ഷേമനിധിയിലേക്കുള്ള അംശദായ അടവ് പൂർണ്ണമായും പുതിയ സംവിധാനത്തിൽ മാത്രമായിരിക്കും സ്വീകരിക്കുന്നത്. പഴയ രീതിയിൽ അടയ്ക്കുന്ന അംശദായം ഒരു കാരണവശാലും സ്വീകരിക്കുന്നതായിരിക്കില്ല.

മറുപുറം . . .

1 KDFWF/B/431/17, 08.02.2017

പുതിയ സംവിധാനത്തിലൂടെ അടയ്ക്കുന്ന അംശദായത്തിന്റെ വിവരങ്ങൾ ബ്ളോക്ക് ജില്ലാതലത്തിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിനുള്ള സംവിധാനവും ലഭ്യമാണ്.

നിലവിലുള്ള അംശദായ റിപ്പോർട്ടിൽ ചെലാൻ നമ്പർ എന്നൊരു കോളം കൂടി ചേർത്തുവേണം 2017 ഏപ്രിൽ മാസം മുതൽ അംശദായ റിപ്പോർട്ട് സമർപ്പിക്കുവാൻ.

അംശദായ അടവ് ഓൺലൈനിൽ മാത്രമായി മാറുമ്പോഴുണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി **'ക്ഷീരനിധി'** മുഖേന അംശദായം അടയ്ക്കുന്നതും വിവരങ്ങൾ പരിശോധിക്കുന്നതും എങ്ങനെയെന്ന് സംഘം സെക്രട്ടറിമാരും ബന്ധപ്പെട്ട ഓഫീസർമാരും പരിചയപ്പെട്ടിരിക്കണമെന്നത് പരിഗണിച്ച്, **'ക്ഷീരനിധി'** ഇപ്പോൾതന്നെ ഉപയോഗിച്ച് തുടങ്ങാൻ വേണ്ട നിർദ്ദേശങ്ങൾ നൽകാൻ നോഡൽ ഓഫീസർമാരും യൂണിറ്റ് ഓഫീസുകളിലെ ഓഫീസർമാരും പ്രത്യേക ശ്രദ്ധ നൽകണം. പ്രസ്തുത മൊഡ്യൂളിന്റെ ഉപയോഗരീതി ലളിതമാണ് എങ്കിലും, Software help documents എന്ന പേരിൽ kdfwf.org വെബ്സൈറ്റിൽ ആയതിന്റെ ലിങ്കും ലഭ്യമാക്കിയിട്ടുണ്ട്.

OFFICE OF THE EXECUTIVE OFFICER
Thiruvananthapuram
Date:........................
KERALA DAIRY FARMERS WELFARE FUND

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ

പകർപ്പ്:-
1) ചെയർമാൻ, കേരള ക്ഷീരകർഷക ക്ഷേമനിധിബോർഡ്
2) ഡയറക്ടർ ക്ഷീരവികസന വകുപ്പ്
3) ഡെപ്യൂട്ടി ഡയറക്ടർ എക്സ്റ്റൻഷൻ/സ്റ്റേറ്റ് നോഡൽ ഓഫീസർ, KDFWF
4) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ
5) എല്ലാ ജില്ല നോഡൽ ഓഫീസർമാർ
6) എല്ലാ ക്ഷീരവികസന ഓഫീസർമാർ/ഡെയറി ഫാം ഇൻസ്ട്രക്ടർ
7) സഞ്ചയം / ശേഖര സഞ്ചയം.